# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2392 - 09/12/2014 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പൊതുകടം

| ചോദ്യം<br>ശ്രീ. കെ.രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ പൊതുകടം എത്രയായിരുന്നു; | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 31.03.2011 വരെ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു. |
| (ബി) 2014 ഒക്ടോബർ 31 വരെയുള്ള സംസ്ഥാനത്തെ പൊതുകടം എത്രയാണെന്ന് പറയാമോ; | 2014 ഒക്ടോബർ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് ഉൾപ്പെടെ 31/10/2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 126530.33 കോടി രൂപയാണ്. |
| (സി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം മേഖലയിൽ നിന്നും കടമെടുത്തിട്ടുണ്ടെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് ഈ സംഖ്യ വിനിയോഗിച്ചതെന്നും വിശദമാക്കാമോ? | ഈ സർക്കാരിന്റെ കാലത്ത് 31.10.2014 വരെ (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് ഉൾപ്പെടെ) 35375.18 കോടി രൂപ ആഭ്യന്തര കടമായും 595.76 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നുള്ള കടമായും 11886.15 കോടി രൂപ പ്രോവിഡന്റ് ഫണ്ട്, ലഘുസമ്പാദ്യം എന്നിവയിൽ നിന്നുള്ള കടമായും എടുത്തിട്ടുണ്ട്. ഇപ്രകാരം കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപാദന പരമായ ആവശ്യങ്ങൾക്കുമാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ